കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 25.11.2026

പ്രസിദ്ധീകരണത്തിന്

ഹാൾ ടിക്കറ്റുകൾ

2026 ഡിസംബർ 1 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ യു ജി ഡിഗ്രി (2014 മുതൽ 2018 അഡ്മിഷൻസ്)(സി ബി സി എസ് എസ്) മേഴ്സി ചാൻസ് പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ സർവ്വകലാശാല താവക്കര ക്യാമ്പസ്സിലെ മാളവ്യ മിഷൻ ടീച്ചർ ട്രെയിനിങ്ങ് സെന്റർ (MMTTC) ആണ് പരീക്ഷാകേന്ദ്രം. വിദ്യാർത്ഥികൾ ഹാൾ ടിക്കറ്റ് വെബ്സൈറ്റിൽ നിന്ന് ഡൗൺ ലോഡ് ചെയ്ത് പ്രിന്റ് ഔട്ടും ഫോട്ടോ പതിച്ച ഒരു ഐഡന്റിറ്റി കാർഡ് സഹിതം പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. പരീക്ഷാ സമയം ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും വെള്ളിയാഴ്ചകളിൽ 2 മണി മുതൽ 5 മണി വരെയുമാണ്.

എം.എസ്.സി. ഡാറ്റാ സയൻസ്- ഒന്നാം സെമസ്റ്റർ പരീക്ഷ മാറ്റിവെച്ചു

08.12.2026 മുതൽ ആരംഭിക്കാനിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെ എം.എസ്.സി. ഡാറ്റാ സയൻസ് ഒന്നാം സെമസ്റ്റർ ഒക്ടോബർ 2026 പരീക്ഷകൾ മാറ്റിവെച്ചു. പരീക്ഷയുടെ പുതുക്കിയ തീയതിയും ടൈംടേബിളും പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

അഫിലിയേറ്റഡ് കോളേജുകളിലെ മറ്റ് എല്ലാ പി.ജി. പ്രോഗ്രാമുകളുടെയും ഒന്നാം സെമസ്റ്റർ ഒക്ടോബർ 2026 പരീക്ഷകൾ നിലവിലെ ടൈംടേബിൾ പ്രകാരം നിശ്ചയിച്ച തീയതികളിൽ തന്നെ നടത്തുന്നതാണ്.

ഒപ്പ്/-
അസിസ്റ്റന്റ് രജിസ്ട്രാർ - 1
പരീക്ഷാവിഭാഗം